പ്രളയപയസി ധാതു: സുപ്ത ശക്തേർമുഖേഭ്യ:
ശ്രുതിഗണമപനീതം പ്രത്യുപാദത്ത ഹത്വാ
ദിതിജമകഥയദ്യോ ബ്രഹ്മ സത്യവ്രതാനാം
തമഹമഖിലഹേതും ജിഹ്മമീനം നതോƒസ്മി. **(8-24-61)**

*പരീക്ഷിത്തിൻെറ അഭ്യർത്ഥനയനുസരിച്ച് ശുകമുനി, ഭഗവാൻെറ മത്സ്യാവതാരത്തെക്കുറിച്ച് പറഞ്ഞു:*
ഭഗവാൻ കാലാകാലങ്ങളിൽ സജ്ജനങ്ങളുടേയും ഋഷിമുനിമാരുടേയും ദേവന്മാരുടേയും, പൊതുവിൽ ധർമ്മത്തിൻേറയും സംരക്ഷക്കായി ഒരു ശരീരം സ്വീകരിച്ചവതരിക്കുന്നു. അങ്ങിനെയുള്ള അവതാരങ്ങൾ കൊണ്ട് ഭഗവാന് ഒരു മാറ്റവും ഉണ്ടാകുന്നില്ല. കാരണം, അവിടുന്ന് ത്രിഗുണാതീതനെത്രെ. മനുഷ്യനായോ, മനുഷ്യനുപരിയുള്ള ജീവിയായോ, ഉപമനുഷ്യനായോ അവതരിച്ചാലും ഭഗവാനെ അതു ബാധിക്കുന്നില്ല.

കഴിഞ്ഞ ലോകചക്രം -ചതുർയുഗം- കഴിഞ്ഞ് സൃഷ്ടാവ് തൻെറ ജോലയിയിൽനിന്ന് വിരമിച്ചിരുന്നു. വിശ്വപ്രളയം എല്ലായിടവും നിറഞ്ഞു. ഹയഗ്രീവൻ എന്ന രാക്ഷസൻ വേദങ്ങളെ മുഴുവൻ കൊണ്ടുപോയി. ഇതിനു മുൻപൊരു സത്യവ്രതൻ എന്ന രാജാവ് കൃതമാലാ നദിക്കരയിൽ പിതൃക്കൾക്ക് തപ്പ്ണം നടത്തുന്ന അവസരത്തിൽ ഭഗവാൻ ഒരു ചെറുമീനായി പ്രത്യക്ഷപ്പെട്ടു. അത് രാജാവിനോട് സംരക്ഷണം ആവശ്യപ്പെട്ടു. രാജാവ് അതിനെ തൻെറ കമണ്ഡലുവിലാക്കി വെച്ചു. പക്ഷേ അത് പെട്ടെന്ന് വലുതാവാൻ തുടങ്ങി. രാജാവ് മത്സ്യത്തെ ഒരു തടാകത്തിലേക്ക് മാറ്റി. അവിടെയും അത് വളരെ വലുതായി. അവസാനം രാജാവതിനെ സമുദ്രത്തിലേക്ക് കൊണ്ടുപോയി. അവസാനം രാജാവിനു മനസ്സിലായി, മത്സ്യമായി അവതരിച്ചിരിക്കുന്നത് ഭഗവാൻ തന്നെയാണെന്ന്.

*മത്സ്യം രാജാവിനോട് പറഞ്ഞു:*
ഇന്നേക്ക് ഏഴാം ദിവസം, ലോകം മുഴുവൻ പ്രളയത്തിലാണ്ടുപോവും. എന്നാൽ സമുദ്രത്തിൽ വലിയൊരു കപ്പൽ കാണാകും. അതിലേക്ക് മാമുനിമാരും എല്ലാ സസ്യജാലങ്ങളുടെയും മൃഗങ്ങളുടെയും ഓരോ ഇണകളുമായി കയറുക. അവിടെ കൊമ്പുള്ളൊരു കടൽപ്പന്നിയായി ഞാനുണ്ടാവും. കപ്പലിനെ ആ കൊമ്പിൽ ബന്ധിക്കുക. ഞാൻ എല്ലാവരേയും സംരക്ഷിച്ചുകൊള്ളാം. അങ്ങിനെ മഴയും പ്രളയവും വന്നു. കപ്പലും സമാഗതമായി. രാജാവ്, ഭഗവാൻെറ കൽപ്പനപോലെത്തന്നെ എല്ലാവരേയും കയറ്റി തയ്യാറായി. ദിവ്യമത്സ്യവും അവിടെ എത്തി. രാജാവ് കപ്പലിനെ മത്സ്യത്തിൻെറ കൊമ്പിൽ ബന്ധിച്ചു.

*ഭഗവൽസംരക്ഷണത്തിൽ സുരക്ഷാബോധത്തോടെ രാജാവ് പ്രാർത്ഥിച്ചു:*
ഭഗവാനേ, വിഢ്ഢികൾ അജ്ഞതാബന്ധനത്തിൻെറ ശക്തികൊണ്ട് വിവിധ കർമ്മങ്ങളിലേർപ്പെടുന്നു. സുഖത്തിനുവേണ്ടി ഇങ്ങിനെ പരിശ്രമിക്കുന്തോറും സുഖം അവരിൽ നിന്നകന്ന് പോകുന്നു. അജ്ഞാനിയായ ഒരുവൻ മറ്റൊരജ്ഞാനിയെ ഗുരുവായി സ്വീകരിച്ച് അവിവേകോപദേശമനുസരിച്ച് ജീവിക്കുന്നു. അതുകൊണ്ട്, ഞങ്ങൾ ഒരിക്കലും നശിക്കാത്ത വിവേകവിജ്ഞാനത്തിൻെറ ഉറവിടമായ പരമഗുരുവിനെത്തന്നെ ശരണം പ്രാപിച്ചിരിക്കുന്നു. അജ്ഞതാബന്ധനമറുത്ത് ഞങ്ങളുടെ ഹൃദയത്തെ മുക്തമാക്കാനുള്ള മാർഗ്ഗമേതെന്ന് ഞങ്ങളെ പഠിപ്പിച്ചാലും.

ഭഗവാൻ അവർക്ക് സാംഖ്യയോഗവും പുരാണവും പഠിപ്പിച്ചുകൊടുത്തു. ബ്രഹ്മാവ് നിദ്രയിൽ നിന്നുണർന്നപ്പോൾ ഭഗവാൻ വേദം (ഹയഗ്രീവനിൽ നിന്ന് വീണ്ടെടുത്തത്) പുനസ്ഥാപിച്ച് നൽകി. സത്യവ്രതൻ വൈവസ്വത മനുവായി. മത്സ്യാവതാരമെടുത്ത് ഉന്നത വിജ്ഞാനം പഠിപ്പിച്ച ആ ഭഗവാനെ ഞങ്ങൾ നമസ്കരിക്കുന്നു.